# കേരളസർവകലാശാല

**Re-accredited by NAAC with A++ GRADE**

നം. പി.ആർ. **111/2026** തിരുവനന്തപുരം, തീയതി : **02/06/2026**

## പത്രക്കുറിപ്പ്

### കേരളസർവകലാശാല ഒന്നാം വർഷ എം.എഡ് പ്രവേശനം - 2026

കേരള സർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള ഗവൺമെന്റ്/എയ്ഡഡ്/സ്വാശ്രയ കോളേജുകളിലേക്കുള്ള 2026-27 അധ്യയന വർഷത്തിലേക്കുള്ള എം.എഡ് പ്രവേശനത്തിനായുള്ള റാങ്ക് ലിസ്റ്റ് സർവകലാശാല വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു. വിദ്യാർത്ഥികൾക്ക് അവരവരുടെ പ്രൊഫൈലിൽ ലോഗിൻ ചെയ്ത് റാങ്ക് ലിസ്റ്റ് പരിശോധിക്കാവുന്നതാണ്. പ്രസ്തുത റാങ്ക് ലിസ്റ്റ് അനുസരിച്ചുള്ള സ്പോട്ട് അഡ്മിഷൻ 08-06-2026 ന് സർവകലാശാല സെനറ്റ് ഹാളിൽ വച്ച് നടത്തുന്നതാണ്.

അലോട്ട്മെന്റ് സംബന്ധമായ മറ്റ് വിവരങ്ങൾക്ക് അഡ്മിഷൻ വെബ്സൈറ്റ് (https://admissions.keralauniversity.ac.in/med2026) സന്ദർശിക്കുക. സംശയനിവാരണത്തിനായി 8281883053 എന്ന മൊബൈൽ നമ്പറിൽ ബന്ധപ്പെടാവുന്നതാണ്.

### കേരളസർവകലാശാല ഒന്നാം വർഷ ബിരുദ പ്രവേശനം (FYUGP) 2026-27

കേരളസർവകലാശാലയുടെ നാല് വർഷ ബിരുദ **(FYUGP)** പ്രവേശനത്തിനുള്ള അഡ്മിഷൻ പോർട്ടലിൽ നിലവിലുള്ള കോളേജുകൾ/കോഴ്സുകൾക്ക് പുറമെ മുസ്ലിം അസോസിയേഷൻ കോളേജ് ഓഫ് ആർട്സ് ആന്റ് സയൻസ്, പനവൂർ (നെടുമങ്ങാട്), മദർ തെരേസ കോളേജ്, നെല്ലിക്കാട് (കാട്ടാക്കട) എന്നീ കോളേജുകളിൽ ചുവടെ ചേർത്തിരിക്കുന്ന കോഴ്സുകൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

| Sl No | College | Courses |
|---|---|---|
| 1 | Muslim Association College of Arts & Science, Panavoor (Nedumangad) | BA (English & Communicative English, Economics, Sociology)<br><br>B.Sc. Computer Science, B.Com, B.B.A |
| 2 | Mother Theresa College, Nellikkad (Kattakkada) | BA English, B.Com |

അപേക്ഷ സമർപ്പിക്കുന്നതിലേക്കുള്ള അവസാന തീയതിയായ 2026 ജൂൺ 14 വരെ കോളേജ്/കോഴ്സ് ഓപ്ഷനുകൾ നൽകാനും പുനഃക്രമീകരിക്കാനും സാധിക്കുന്നതാണ്. ആയതിലേക്കായി സർവകലാശാല വെബ്സൈറ്റ് (**https://admissions.keralauniversity.ac.in/fyugp2026**) സന്ദർശിക്കുക.

# പരീക്ഷാഫലം

കേരളസർവകലാശാല 2025 ഏപ്രിൽ, ആഗസ്റ്റ് മാസങ്ങളിൽ വിജ്ഞാപനം പുറപ്പെടുവിച്ച മൂന്നാം സെമസ്റ്റർ ബിടെക് (2013 സ്കീം – മേഴ്സിചാൻസ് – 2013 അഡ്മിഷൻ, സപ്ലിമെന്ററി – 2014 അഡ്മിഷൻ) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും 2026 ജൂൺ 11 വരെ അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല 2026 ജനുവരി, ഫെബ്രുവരി മാസങ്ങളിൽ നടത്തിയ ഒന്ന്, രണ്ട് സെമസ്റ്റർ ബിഎസ്സി കമ്പ്യൂട്ടർ സയൻസ്/ബിസിഎ (വിദൂരവിദ്യാഭ്യാസം) (സപ്ലിമെന്ററി - 2020 അഡ്മിഷൻ, മേഴ്സിചാൻസ് – 2017 – 2019 അഡ്മിഷൻ) പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും 2026 ജൂൺ 10 വരെ അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല 2026 ഏപ്രിലിൽ നടത്തിയ ആറാം സെമസ്റ്റർ ബിവോക് ഫുഡ് പ്രോസസ്സിംഗ് (359) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും 2026 ജൂൺ 17 വരെ ഓൺലൈനായി അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല 2026 ഏപ്രിലിൽ നടത്തിയ ആറാം സെമസ്റ്റർ ബിബിഎ (റെഗുലർ - 2023 അഡ്മിഷൻ, സപ്ലിമെന്ററി – 2021 & 2022 അഡ്മിഷൻ, മേഴ്സിചാൻസ് – 2013, 2017, 2018 & 2020 അഡ്മിഷൻ) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും 2026 ജൂൺ 17 വരെ ഓൺലൈനായി അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല 2025 ഡിസംബറിൽ നടത്തിയ മൂന്നാം സെമസ്റ്റർ എംഎസ്സി കമ്പ്യൂട്ടർ സയൻസ്, എംഎസ്സി ബയോടെക്നോളജി (റെഗുലർ/ സപ്ലിമെന്ററി) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനയ്ക്ക് 2026 ജൂൺ 09 വരെ **www.slcm.keralauniversity.ac.in** മുഖേന ഓൺലൈനായി അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല 2025 ഡിസംബറിൽ നടത്തിയ മൂന്നാം സെമസ്റ്റർ സ്റ്റാറ്റിസ്റ്റിക്സ്, സ്റ്റാറ്റിസ്റ്റിക്സ് വിത്ത് സ്പെഷ്യലൈസേഷൻ ഇൻ ഡാറ്റ അനലിറ്റിക്സ് (റെഗുലർ & സപ്ലിമെന്ററി) പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധന യ്ക്ക് **www.slcm.keralauniversity.ac.in** മുഖേന 2026 ജൂൺ 10 വരെ ഓൺലൈനായി അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല 2026 ഏപ്രിലിൽ നടത്തിയ ആറാം സെമസ്റ്റർ ബികോം കോമേഴ്സ് ആന്റ് ടാക്സ് പ്രൊസീജിയർ & പ്രാക്ടീസ്, ബികോം കോമേഴ്സ് & ഹോട്ടൽ മാനേജ്മെന്റ് & കാറ്ററിംഗ് (റെഗുലർ - 2023 അഡ്മിഷൻ, സപ്ലിമെന്ററി - 2021 & 2022 അഡ്മിഷൻ, മേഴ്സിചാൻസ് - 2013, 2017, 2018 & 2020 അഡ്മിഷൻ), ഏപ്രിൽ 2026 പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും 2026 ജൂൺ 17 വരെ ഓൺലൈനായി അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല 2026 ഏപ്രിലിൽ നടത്തിയ ആറാം സെമസ്റ്റർ ബിഎ ഇംഗ്ലീഷ് ആന്റ് കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് **(133)** ബാച്ചിലർ ഓഫ് സോഷ്യൽ വർക്ക് (315) (റെഗുലർ - 2023 അഡ്മിഷൻ, സപ്ലിമെന്ററി - 2021 & 2022 അഡ്മിഷൻ, മേഴ്സിചാൻസ് - 2013, 2017, 2018 & 2020 അഡ്മിഷൻ) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും 2026 ജൂൺ 17 വരെ ഓൺലൈനായി അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല 2026 ഏപ്രിലിൽ നടത്തിയ ആറാം സെമസ്റ്റർ ബിഎ ഓണേഴ്സ് ഡിഗ്രി പ്രോഗ്രാം ഇൻ ഇംഗ്ലീഷ് ലാംഗ്വേജ് ആന്റ് ലിറ്ററേച്ചർ പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും 2026 ജൂൺ 10 വരെ **SLCM** പോർട്ടൽ വഴി ഓൺലൈനായി അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## പുനഃക്രമീകരിച്ച പരീക്ഷ/പരീക്ഷാ രജിസ്ട്രേഷൻ തീയതി ദീർഘിപ്പിച്ചു

കേരളസർവകലാശാലയുടെ രണ്ടാം സെമസ്റ്റർ **FYUGP** ജൂൺ 2026 (ഇംപ്രൂവ്മെന്റ്/സപ്ലിമെന്ററി - 2024 അഡ്മിഷൻ) പരീക്ഷകളുടെ ഓൺലൈൻ രജിസ്ട്രേഷന് അപേക്ഷിക്കാവുന്ന തീയതി പിഴകൂടാതെ 08.06.2026 വരെയും 150 രൂപ പിഴയോടുകൂടി 10.06.2026 വരെയും, 400 രൂപ പിഴയോടുകൂടി 12.06.2026 വരെയും നീട്ടിയിരിക്കുന്നു.

08.06.2026 മുതൽ നടത്താൻ നിശ്ചയിച്ചിരുന്ന രണ്ടാം സെമസ്റ്റർ **FYUGP** ജൂൺ 2026 (റെഗുലർ/ഇംപ്രൂവ്മെന്റ്/സപ്ലിമെന്ററി) പരീക്ഷകൾ 17.06.2026 മുതൽ നടത്താൻ പുനഃക്രമീകരിച്ചിരിക്കുന്നു. ടൈംടേബിൾ വെബ്സൈറ്റിൽ ലഭ്യമാക്കുന്നതാണ്.

## പരീക്ഷാവിജ്ഞാപനം

കേരളസർവകലാശാലയുടെ നാലാം സെമസ്റ്റർ ബാച്ചിലർ ഓഫ് ഹോട്ടൽ മാനേജ്മെന്റ് ആന്റ് കാറ്ററിംഗ് ടെക്നോളജി (റെഗുലർ - 2024 അഡ്മിഷൻ, ഇംപ്രൂവ്മെന്റ്/സപ്ലിമെന്ററി - 2023 അഡ്മിഷൻ, സപ്ലിമെന്ററി – 2018 – 2022 അഡ്മിഷൻ), ആറാം സെമസ്റ്റർ (റെഗുലർ - 2023 അഡ്മിഷൻ, ഇംപ്രൂവ്മെന്റ്/ സപ്ലിമെന്ററി - 2022 അഡ്മിഷൻ, സപ്ലിമെന്ററി – 2018 – 2021 അഡ്മിഷൻ), ജൂലൈ 2026 പരീക്ഷാവിജ്ഞാപനം പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാലയുടെ രണ്ടാം സെമസ്റ്റർ ബാച്ചിലർ ഓഫ് ഹോട്ടൽ മാനേജ്മെന്റ് ആന്റ് കാറ്ററിംഗ് ടെക്നോളജി (റെഗുലർ - 2025 അഡ്മിഷൻ, ഇംപ്രൂവ്മെന്റ്/സപ്ലിമെന്ററി - 2024 അഡ്മിഷൻ, സപ്ലിമെന്ററി – 2018 – 2023 അഡ്മിഷൻ), ജൂലൈ 2026 പരീക്ഷാവിജ്ഞാപനം പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## പ്രോജക്റ്റ്/വൈവവോസി

കേരളസർവകലാശാല വിദൂരവിദ്യാഭ്യാസം 2026 മെയിൽ നടത്തിയ ആറാം സെമസ്റ്റർ ബിബിഎ പരീക്ഷയുടെ പ്രോജക്റ്റ്/വൈവവോസി 2026 ജൂൺ 04 ന് കാര്യവട്ടം വിദൂരവിദ്യാഭ്യാസ കേന്ദ്രത്തിൽ വച്ച് നടത്തുന്നു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല വിദൂരവിദ്യാഭ്യാസ കേന്ദ്രം 2026 മെയിൽ നടത്തിയ ആറാം സെമസ്റ്റർ ബിഎ സോഷ്യോളജി (സപ്ലിമെന്ററി – 2022 & 2021 അഡ്മിഷൻ) പരീക്ഷയുടെ വൈവവോസി 2026 ജൂൺ 05 ന് കാര്യവട്ടം വിദൂരവിദ്യാഭ്യാസ കേന്ദ്രത്തിൽ വച്ച് നടത്തുന്നു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## പരീക്ഷാകേന്ദ്രം

കേരളസർവകലാശാല 2026 ജൂൺ 04 മുതൽ നടത്തുന്ന നാലാം സെമസ്റ്റർ സി.ബി.സി.എസ്. ബിഎ/ബിഎസ്‌സി (ഇംപ്രൂവ്മെന്റ്/സപ്ലിമെന്ററി – 2023 അഡ്മിഷൻ, സപ്ലിമെന്ററി – 2022 & 2021 അഡ്മിഷൻ, മേഴ്സിചാൻസ് - 2013, 2017, 2018 & 2020 അഡ്മിഷൻ) പരീക്ഷയ്ക്ക് ചാത്തന്നൂർ ആർ. ശങ്കർ കോളേജ് ഓഫ് ആർട്സ് & സയൻസ് പരീക്ഷാ കേന്ദ്രമായി തെരഞ്ഞെടുത്തിട്ടുള്ള വിദ്യാർത്ഥികൾ പ്രസ്തുത കോളേജിൽ നിന്നും ഹാൾ ടിക്കറ്റ് വാങ്ങി ചാത്തന്നൂർ എം.ഇ.എസ് ആർട്സ് & സയൻസ് കോളേജിൽ പരീക്ഷ എഴുതേണ്ടതാണ്.

**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ-ചാർജ്ജ്)**

**E-mail:** For queries **helpdesk@keralauniversity.ac.in**/
**website: www.keralauniversity.ac.in**

*University information is available on* **9188526670, 9188526671, 9188526674, 9188526675**
**Whats App No. 8547330240**